(സി) വാഗമൺ മേഖലയിൽ വനം വകുപ്പിന്റെ കൈവശമുള്ള 460 ഹെക്ടറിൽ നിലവിൽ കയ്യേറ്റങ്ങളില്ല.

ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ചോലവനങ്ങൾ

126 [409] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്നുവരുന്ന ഏതൊക്കെ ചോല വനങ്ങളാണ് നിക്ഷിപ്തവനമേഖലയായി പ്രഖ്യാപിക്കണമെന്ന് വനം വകുപ്പ് സർക്കാരിന് ഇപ്പോൾ ശുപാർശ നല്കിയിട്ടുള്ളത്;

(ബി) ഇവ ഓരോന്നും എത്ര വിസ്തൃതിവീതം വരുന്നവയാണെന്നുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ചോല വനശകലങ്ങൾ ഇപ്പോൾ റവന്യൂ ഭൂമിയാണോ;

(ഡി) പ്രസ്തുത ചോല വനങ്ങൾ സ്വകാര്യ ഭൂമിയാണെങ്കിൽ ഇവയുടെ ഇപ്പോഴത്തെ അവകാശികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഇ) ഇവ നിക്ഷിപ്ത വന മേഖലയാക്കുന്നതിന് നിലവിൽ എന്തൊക്കെ തടസ്സങ്ങളാണുള്ളതെന്നും ഇവ മാറ്റാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഇരവികുളം ദേശീയോദ്യാനത്തോട് ചേർന്ന് കിടക്കുന്ന ചോലവനങ്ങൾ വെസ്റ്റേൺ ഫോറസ്റ്റ് മേഖലയായി പ്രഖ്യാപിക്കണമെന്ന് സർക്കാരിനു ശുപാർശ നൽകിയിട്ടില്ല.

(ബി, സി, ഡി ആന്റ് ഇ) ചോദ്യം ഉദിക്കുന്നില്ല.

വാളയാർ പ്രദേശത്തെ ചുണ്ണാമ്പുകല്ലു ഖനനം

127 [410] ശ്രീ. എൻ ശക്തൻ :
,, സി. പി. മുഹമ്മദ് :
,, കെ. എ. ചന്ദ്രൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാളയാർ പ്രദേശത്ത് നിന്ന് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ചുണ്ണാമ്പുകല്ല് ഖനനം ചെയ്യുവാൻ അനുമതി നൽകിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly